കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- കൊച്ചി നഗരസഭ- എടപ്പള്ളി സൗത്ത് വില്ലേജ് സർവ്വേ നമ്പർ 162/2 A-ൽ ഉൾപ്പെട്ട അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം,2014—ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 837 /16/തസ്വഭവ    തീയതി    തിരുവനന്തപുരം 26/02/2016

---

പരാമർശം:- 1) 14.2.14- ലെ സ.ഉ(എം.എസ്) നമ്പർ 39/2014/ തസ്വഭവ

2) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീ.നൂർ മുഹമ്മദ് നൂർഷ ,കള്ളിയത്ത് വീട്ടിൽ, മാമംഗലം പാലാരിവട്ടം ,കൊച്ചി 25 സമർപ്പിച്ച അപേക്ഷ.

3) മുഖ്യ നഗരാസൂത്രകന്റെ 19.10.15 -ലെ C1/8792/15/K Dis നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി നഗരസഭയിൽ എടപ്പള്ളി സൗത്ത് വില്ലേജിലെ സർവ്വേ നമ്പർ 162/2 A-ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ.നൂർ മുഹമ്മദ് നൂർഷ, കള്ളിയത്ത് വീട്ടിൽ മാമംഗലം പാലാരിവട്ടം -25 നിർമ്മിച്ച ഗ്രൂപ്പ് 'F' ഗണത്തിൽ ഉൾപ്പെടുന്ന വാണിജ്യ കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ പരാമർശം 3 പ്രകാരം മുഖ്യനഗരാസൂത്രകൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 5(6)പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൊച്ചി നഗരസഭയിലെ എടപ്പള്ളി സൗത്ത് വില്ലേജ് സർവ്വേ നമ്പർ 162/2 A-ൽ ഉൾപ്പെട്ട സ്ഥലത്ത് 1984 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ ശ്രീ.നൂർ മുഹമ്മദ് നൂർഷ ,കള്ളിയത്ത് വീട്ടിൽ മാമംഗലം പാലാരിവട്ടം -25 നിർമ്മിച്ച (ബെസ്മെന്റ് ഫ്ലോർ + ഗ്രൗണ്ട് ഫ്ലോർ +8 ഫ്ലോർ)ഗ്രൂപ്പ് 'F'ഗണത്തിൽ ഉൾപ്പെടുന്ന വാണിജ്യ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് കൊച്ചി നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(I) കെട്ടിട നിർമ്മാണ ചട്ട പ്രകാരം വികലാംഗർക്കുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

(ii) കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി 81,89,600 രൂപ (എൺപത്തിഒന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ) ''0217 Urban Development-60 Other Urban Development Scheme-800-Other receipts- 91 Compounding fee for regularisation of Unauthorised Construction violating provisions of building rules''എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ കൊച്ചി നഗരസഭാ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ കൊച്ചി നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4 ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് കൊച്ചി നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ശ്രീ.നൂർ മുഹമ്മദ്.നൂർഷ
കള്ളിയത്ത് വീട്ടിൽ, മാമംഗലം
പാലാരിവട്ടം ,കൊച്ചി -25
സെക്രട്ടറി കൊച്ചി നഗരസഭ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്)
സീനിയർ ടൗൺ പ്ലാനർ, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ